പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.5807

**02.07.2019** -ലെ മറുപടിയ്ക്ക്

## പഠനത്തോടൊപ്പം തൊഴിൽ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ് :

(എ) പഠനത്തോടൊപ്പം തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) എല്ലാ മേഖലയിലും നടപ്പാക്കാൻ കഴിയില്ലെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) തൊഴിൽ വകുപ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

ഉദ്ദേശിക്കുന്നുണ്ട്. പഠനത്തോടൊപ്പം തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ അരീക്കോട് ഗവ. ഐ.ടി.ഐ.യിൽ കാർപ്പെന്ററി ട്രേഡിൽ പ്രൊഡക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രൊഡക്ഷൻ സെന്ററിന്റെ ലക്ഷ്യം എന്നത് Earn While Learn എന്നാണ്. ഇതിലൂടെ ഐ.ടി.ഐ.യിൽ പഠനത്തോടൊപ്പം തന്നെ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നു. സർക്കാരിന്റെ അനുമതിക്ക് വിധേയമായിട്ടാണ് ഈ സംരംഭം നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിജയസാദ്ധ്യത വിലയിരുത്തി മറ്റ് ഐ.ടി.ഐ.കളിലും വ്യത്യസ്ത ട്രേഡുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**